LIBRARY ARCHIVES Kerala Legislative Assembly

(15) സർക്കാർ വനം സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയതു സംബന്ധിച്ച്

ശ്രീ. മത്തായി ചാക്കോ: സർ, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ മലവാരത്തിൽ 470 ഏക്കർ വനഭൂമി സ്വകാര്യവ്യക്തികൾ വ്യാജരേഖയുണ്ടാക്കി തട്ടിയെടുത്ത് കൈവശം വച്ചിരിക്കുകയാണ്. ഇത് തിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. കേസ്സിൽ തോറ്റുകൊടുത്തു കൊണ്ടാണ് ഇത് സംഭവിച്ചിട്ടുള്ളത്.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ, ഇവിടെ 1977 മുതൽ ആരംഭിച്ച ഒരു കേസ്സിന്റെ പരിണിതഫലമായി സുപ്രീംകോടതിയിൽനിന്ന് 1993-ൽ ഹർജിക്കാരന് അനുകൂലമായി വിധി ഉണ്ടായതിനെത്തുടർന്ന് 1995-ൽ 400 ഏക്കർ ഭൂമി കൈമാറ്റം ചെയ്തതാണ്. ആ ഭൂമി കൈമാറ്റം ചെയ്തപ്പോൾ തന്നെ മരം മുറിക്കുവാൻ പാടില്ലായെന്ന് പറഞ്ഞ് സെക്ഷൻ (5) ഇംപ്ലിമെന്റ് ചെയ്തു കൊണ്ടാണ് ലാന്റ് ഹാന്റ് ഓവർ ചെയ്തത്. 2002-ലെ കേരള വനം (പരിസ്ഥിതി പരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഓർഡിനൻസ് പ്രകാരം ഈ സ്ഥലം സർക്കാർ ഏറ്റെടുത്തുകഴിഞ്ഞു. ഇപ്പോൾ ഈ ഭൂമി സർക്കാരിന്റെ കയ്യിൽ ഒരു വനനശീകരണവുമില്ലാതെ സംരക്ഷിക്കപ്പെടുന്നുണ്ട്. സ്വകാര്യവ്യക്തിയുടെ കയ്യിലല്ല ഈ ഭൂമിയെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(16) വൈദ്യുതിചാർജ് കുടിശ്ശികയുടെ പേരിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ചാർജ് അടയ്ക്കാത്തതിന്റെ ഫലമായി ഒട്ടുമിക്ക കുടിവെള്ള പദ്ധതികളുടേയും ജലസേചന പദ്ധതികളുടേയും ഇലക്ട്രിസിറ്റി കണക്ഷൻ വിച്ഛേദിച്ചിരിക്കുകയാണ്. അതുമൂലം വളരെയേറെ പ്രയാസങ്ങൾ ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇലക്ട്രിസിറ്റി കണക്ഷൻ ഉടൻ പുനഃസ്ഥാപിക്കുകയും കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശം അനുവദിച്ചുകൊടുക്കുകയും വേണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, കേരള വാട്ടർ അതോറിറ്റിയിൽനിന്ന് കറണ്ട് ചാർജ് കുടിശ്ശികയായി 174.49 കോടിരൂപ ലഭിക്കുവാനുണ്ടെങ്കിലും രൂക്ഷമായ വരൾച്ച പരിഗണിച്ച് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ഡിസ്കണക്ട് ചെയ്തിട്ടില്ല. കുടിശ്ശികമൂലം വിച്ഛേദിക്കപ്പെട്ടിട്ടുള്ള കണക്ഷൻ ഉണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പുനഃസ്ഥാപിക്കുന്നതാണ്.